പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2420 14.06. 2019 ൽ മറുപടിക്ക്

## വൈദ്യുത ബോർഡിന് ലഭിക്കേണ്ട ഭീമമായ കുടിശ്ശിക

ചോദ്യം

പ്രൊഫ.ആബിദ്ഹുസൈൻ തങ്ങൾ

ഡോ.എം.കെ.മുനീർ

ശ്രീ.പി.ഉബൈദുള്ള

ശ്രീ.ടി.വി.ഇബ്രാഹിം

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൻകിടഉപഭോക്താക്കളിൽ നിന്ന് മാത്രം വൈദ്യുത ബോർഡിന് ലഭിക്കേണ്ട ഭീമമായ കുടിശ്ശിക തുക ഈടാക്കുന്നതിന് ഫലപ്രദമായ നടപടികൾ ബോധപൂർവ്വം സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 31.03.2019 - ലെ കണക്കുപ്രകാരം വൻകിട ഉപഭോക്താക്കളിൽ നിന്നു മാത്രം വൈദ്യുതി ബോർഡിന് ലഭിക്കേണ്ട കുടിശ്ശിക തുക 842.91 കോടി രൂപയാണ്. ഇതിൽ 408.60 കോടി രൂപ വിവിധ കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ടി വ്യവഹാരങ്ങൾ തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമേ ഇവ ഈടാക്കാൻ കഴിയുകയുള്ളൂ. കുടിശ്ശിക തുക ഈടാക്കുന്നതിന് ഫലപ്രദമായ നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ച് വരുന്നു. |
| (ബി) കുടിശ്ശിക പൂർണ്ണമായി വസൂലാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (ബി) കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉൾപ്പെടെയുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചു വരുന്നു. മാത്രമല്ല ഇലക്ട്രിസിറ്റി സപ്ലൈ കോഡിന് വിധേയമായ വൈദ്യുതി വിച്ഛേദനം, റവന്യൂ റിക്കവറി എന്നീ നടപടികളും കാര്യക്ഷമമായി നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ